**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങളുടെ എല്ലാ ആശകളും പൂർത്തീകരിക്കപ്പെടുന്നു, ആത്മാക്കൾ സംതൃപ്തരാകുന്നു. ബാബ വന്നിരിക്കുന്നത് നിങ്ങളെ തൃപ്ത ആത്മാക്കളാക്കി മാറ്റാനാണ്.**

**ചോദ്യം:-** ഇപ്പോൾ നിങ്ങൾ കുട്ടികൾ ഭക്തി ചെയ്യുന്നില്ല പക്ഷേ തീർച്ചയായും ഭക്തരാണ് - എങ്ങനെ?
**ഉത്തരം:-** ഏതുവരെ ദേഹാഭിമാനമുണ്ടോ അതുവരെയും ഭക്തരാണ്. നിങ്ങൾ ജ്ഞാനിയാകുന്നതിനാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. എപ്പോഴാണോ പരീക്ഷ പാസ്സാകുകയും, കർമ്മാതീതമാകുകയും ചെയ്യുന്നത് അപ്പോൾ സമ്പൂർണ്ണ ജ്ഞാനി എന്നു പറയുന്നു, പിന്നീട് പഠിക്കേണ്ട ആവശ്യമില്ല.

**ഓം ശാന്തി**. ഭക്തനും, ഭഗവാനും രണ്ടും രണ്ടാണ്. കുട്ടിയും, അച്ഛനും. ഭക്തർ ധാരാളമുണ്ട്, ഭഗവാൻ ഒന്നേയുള്ളൂ. നിങ്ങൾ കുട്ടികൾക്ക് ഇത് സഹജമായ കാര്യമായി തോന്നുന്നു, ആത്മാവ് ശരീരത്തിലൂടെ ഭക്തി ചെയ്യുന്നു, എന്തുകൊണ്ട്? ഭഗവാനാകുന്ന അച്ഛനുമായുള്ള മിലനത്തിനായാണ് ആത്മാവ് ശരീര ത്തിലിരുന്ന് ഭക്തി ചെയ്യുന്നത്. നിങ്ങൾ ഭക്തർക്ക് ഇപ്പോൾ ഡ്രാമയെക്കുറിച്ചുള്ള വിവേകമുണ്ട്. എപ്പോഴാണോ പൂർണ്ണ ജ്ഞാനികളായിത്തീരുന്നത് പിന്നെ ഇവിടെ ഇരിക്കേണ്ട കാര്യമില്ല. സ്കൂളിൽ പഠിച്ച്, പരീക്ഷ പാസ്സായിയെങ്കിൽ അടുത്ത ക്ലാസ്സിലേക്ക് പോകുന്നു. ഇപ്പോൾ ഭഗവാനാണ് നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ജ്ഞാനികൾക്ക് പഠിക്കേണ്ട കാര്യമില്ലല്ലോ. ഭക്തരെയാണ് ഭഗവാൻ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ ആത്മാക്കൾ ഭക്തി ചെയ്തിരുന്നു. ഇപ്പോൾ ഭക്തിയിൽ നിന്നും എങ്ങനെ ജ്ഞാനത്തിലേക്ക് പോകാമെന്നാണ് ബാബ പഠിപ്പിച്ചുതരുന്നത്. ഇപ്പോൾ ഭക്തി ചെയ്യുന്നില്ല പക്ഷേ ദേഹാഭിമാനത്തിലേക്ക് വരുന്നുണ്ടല്ലോ. ഇതും നിങ്ങൾക്കാണ് അറിയുന്നത്, മറ്റുള്ള ഭക്തർ ഭഗവാനെ അറിയുന്നില്ല. ഞങ്ങൾക്ക് അറിയില്ല എന്ന് അവർ സ്വയം പറയുന്നുമുണ്ട്. നമ്പർ വൺ ഭക്തനായ ബ്രഹ്മാബാബയോടും ബാബ ഇതുതന്നെയാണ് ചോദിക്കുന്നത്,നിങ്ങൾ ഏതൊരു ഭഗവാന്റെ ഭക്തിയാണോ ചെയ്തിരുന്നത് ആ ഭഗവാനെ അറിയുമോ? വാസ്തവത്തിൽ ഭഗവാൻ ഒരാൾ മാത്രമേയുള്ളൂ. ഇവിടെ അനേകം ഭഗവാൻമാരുണ്ട്. എല്ലാവരും സ്വയം ഭഗവാൻ എന്നു പറയുന്നു. ഇതിനെയാണ് അജ്ഞാനം എന്നുപറയുന്നത്. ഭക്തിയിൽ ഘോരാന്ധകാരമാണ്. ഭക്തിമാർഗ്ഗം തന്നെ അങ്ങനെയാണ്. ഭക്തർ ഇങ്ങനെ പാടാറുണ്ട് - ജ്ഞാനാഞ്ജനം സദ്ഗുരു നൽകി, അജ്ഞാനാന്ധകാരം നശിച്ചു. ഗുരുക്കന്മാർക്ക് ജ്ഞാനാഞ്ജനം നൽകാൻ സാധിക്കില്ല. ഗുരുക്കന്മാർ അനേകമുണ്ട്.ഭക്തിയിൽ നാം എന്തെല്ലാമാണ് ചെയ്തിരുന്നത്, ആരെയെല്ലാമാണ് ഓർമ്മിച്ചിരുന്നത്, ആരെ പൂജിച്ചിരുന്നു എന്നൊക്കെ നിങ്ങൾ കുട്ടികൾക്കറിയാം. ഭക്തിയുടെ അന്ധകാരത്തിൽ നിന്നും നിങ്ങൾ ഇപ്പോൾ മുക്തമായി, കാരണം നിങ്ങൾ ബാബയെ തിരിച്ചറിഞ്ഞു. ബാബ പരിചയം നൽകി - മധുര-മധുരമായ കുട്ടികളേ, നിങ്ങൾ ആത്മാക്കളാണ് . നിങ്ങൾ ഈ ശരീരത്തോടൊപ്പം പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടേത് പരിധിയില്ലാത്ത ജ്ഞാനമാണ്. പരിധിയില്ലാത്ത പാർട്ടാണ് അഭിനയിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ പരിധിയിൽ നിന്നും പരിധിയില്ലാത്തതിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഈ ലോകവും വർദ്ധിച്ച് -വർദ്ധിച്ച് എത്ര പരിധിയില്ലാത്തതിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. പിന്നീട് തീർച്ചയായും പരിധിയിലേക്ക് വരുന്നു. പരിധിയിൽ നിന്നും പരിധിയില്ലാത്തതിലേക്കും, പരിധിയില്ലാത്തതിൽ നിന്നും പരിധിയുള്ളതിലേക്കും എങ്ങനെ വരുന്നു എന്നതിനേക്കുറിച്ച് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി. ആത്മാവ് ചെറിയൊരു നക്ഷത്രത്തിന് സമാനമാണ് എന്നതു മാത്രം മനസ്സിലാക്കുന്നുണ്ട് ,എന്നിട്ടും വലിയൊരു ശിവലിംഗം ഉണ്ടാക്കുന്നു. കാരണം ചെറിയൊരു ബിന്ദുവിന്റെ പൂജ ചെയ്യാൻ സാധിക്കില്ലല്ലോ. ഭൃകുടീ മദ്ധ്യത്തിൽ തിളങ്ങുന്ന അദ്ഭുത നക്ഷത്രം എന്നു പറയാറുണ്ട്. അപ്പോൾ ഈ നക്ഷത്രം ഭക്തി എങ്ങനെ ചെയ്യുന്നു? ഭഗവാനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. ആത്മാവിനെക്കുറിച്ച് അറിയാം. ആത്മാവ് ഭൃകുടി മദ്ധ്യത്തിലാണ് വസിക്കുന്നത് എന്നുമാത്രം അറിയാം. ആത്മാവ് തന്നെയാണ് ശരീരമെടുത്ത് പാർട്ട് അഭിനയിക്കുന്നതെന്ന ഒരു കാര്യം മാത്രം ബുദ്ധിയിലേക്ക് വരുന്നില്ല്. ആദ്യമാദ്യ് പൂജ ചെയ്തിരുന്നതും;. വലിയ വലിയ ശിവലിംഗം ഉണ്ടാക്കിയിരുന്നതുമൊക്കെ നിങ്ങൾ തന്നെയാണ്. രാവണന്റെ ചിത്രവും ഓരോ ദിവസം കൂടുന്തോറും വലുതാക്കിക്കൊണ്ടേവന്നു, ചെറിയ രൂപത്തിലുള്ള രാവണനെ ഉണ്ടാക്കാൻ സാധിക്കില്ലല്ലോ. രാവണൻ സ്ഥൂലമായ ഒരു വസ്തുവല്ല. പഞ്ചവികാരങ്ങളേയാണ് രാവണൻ എന്നു പറയുന്നത്. പഞ്ചവികാരങ്ങളുടെയും അഭിവൃദ്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു കാരണം തമോപ്രധാനത വർദ്ധിക്കുന്നു. മുമ്പ് ഇത്രയും ദേഹാഭിമാനം ഉണ്ടായിരുന്നില്ല, പിന്നീടാണ് വർദ്ധിച്ചത്. ആദ്യം ഒന്നിന്റെ മാത്രം പൂജ ചെയ്തു പിന്നീട് മറ്റുള്ളവരുടെയും പൂജ ചെയ്യാൻ ആരംഭിച്ചു. അങ്ങനെ അഭിവൃദ്ധി പ്രാപിച്ചു വന്നു. ആത്മാവ് തമോപ്രധാനമായി. ഇനി എപ്പോൾ സതോപ്രധാനമായിത്തീരും

എന്നതിനെക്കുറിച്ച് ലോകത്തിലെ ഒരു മനുഷ്യരുടേയും ബുദ്ധിയിൽ ഉണ്ടാകില്ല. പിന്നീട് എപ്പോൾ തമോപ്രധാനമാകുമെന്നും അറിയില്ല. ഈ കാര്യങ്ങളേക്കുറിച്ച് മനുഷ്യർ തീർത്തും അജ്ഞരാണ്. ജ്ഞാനം ബുദ്ധിമുട്ടില്ലാത്തതാണ്. ബാബ വന്ന് സഹജമായ ജ്ഞാനമാണ് കേൾപ്പിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നത്. എന്നാൽ – നമ്മൾ ആത്മാക്കൾ ബാബയുടെ കുട്ടികളാണ്, ബാബയെ ഓർമ്മിക്കണം എന്നതാണ് മുഴുവൻ പഠിപ്പിന്റെയും സാരം.
ഇങ്ങനെ ഒരു മഹിമയുണ്ട് – കോടിയിൽ ചിലർ,ആ ചിലരിലും ചിലർ.... എത്ര കുറച്ചു പേരാണ് ഇങ്ങോട്ട് വരുന്നത്. കോടിയിൽ ചിലർക്ക് മാത്രമേ യഥാർത്ഥ രീതിയിൽ മനസ്സിലാക്കാൻ സാധിക്കൂ. ആരെ മനസ്സിലാക്കുന്നു? ബാബയെ. ഇങ്ങനെ ഒരച്ഛൻ ഉണ്ടാകുമോ? തന്റെ ശരീരത്തിന്റെ പിതാവിനെക്കുറിച്ച് എല്ലാവരും അറിയുന്നു. പക്ഷേ ഈ അച്ഛനെ എങ്ങനെ മറന്നു പോയി? ഈ നാടകത്തിന്റെ പേരു തന്നെ മറവിയുടെ കളി എന്നാണ്. ഒന്ന് പരിധിയുള്ള അച്ഛൻ, രണ്ട് പരിധിയില്ലാത്ത അച്ഛൻ. രണ്ടച്ഛന്മാരിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. പരിധിയുള്ള അച്ഛനിൽ നിന്നും കുറച്ച് സമ്പത്താണ് ലഭിക്കുന്നത്. ഓരോ ദിവസം കഴിയുന്തോറും സമ്പത്ത് വളരെയധികം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഒന്നുമില്ലാത്ത അവസ്ഥ വരെയായിക്കഴിഞ്ഞു. ഏതുവരെ പരിധിയില്ലാത്ത അച്ഛൻ വരുന്നില്ലയോ അതുവരെയും ആത്മാക്കളുടെ വയറുനിറയുന്നില്ല (തൃപ്തരാകുന്നില്ല). ആത്മാക്കൾ കാലിയായ(ഒന്നുമില്ലാത്ത) അവസ്ഥയിലായിരുന്നു. ബാബ വന്ന് അവരുടെ വയർ നിറയ്ക്കുന്നു (തൃപ്തരാക്കുന്നു). ഓരോ കാര്യത്തിലും ബാബ നമ്മെ ഇത്രയും സംതൃപ്തരാക്കുകയാണ്, നിങ്ങൾ കുട്ടികൾക്ക് പിന്നീട് മറ്റൊരു വസ്തുവിന്റെയും ആവശ്യം വരുന്നില്ല. സർവ്വ ആശകളും പൂർത്തീകരിക്കപ്പെടുന്നു. ആത്മാവ് തൃപ്തമാകുന്നു. എങ്ങിനെയാണോ പിതൃക്കളെ ഊട്ടുന്ന ചടങ്ങിൽ ബ്രാഹ്മണരെ കഴിപ്പിക്കുമ്പോൾ അവരുടെ ആത്മാവ് തൃപ്തമാകുന്നത്,അതുപോലെ ആത്മാവ് തൃപ്തമാകുന്നു. ഇവിടെ പരിധിയില്ലാത്ത തൃപ്തിയാണ്. എത്ര വ്യത്യാസമാണെന്ന് നോക്കണം. ആത്മാവിന്റെ പരിധിയുള്ള തൃപ്തിയിലും, പരിധിയില്ലാത്ത തൃപ്തിയിലും എത്ര വ്യത്യാസമാണെന്ന് നോക്കൂ. ബാബയെ അറിയുന്നതിലൂടെ തൃപ്തരാകുന്നു കാരണം ബാബയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ മക്കളാണ്, ബാബയെ എല്ലാവരും ഓർമ്മിക്കുന്നുണ്ടല്ലോ. ചിലർ – ഇതെല്ലാം പ്രകൃതിയാണ്, നമ്മൾ ബ്രഹ്മത്തിൽ പോയി ലയിക്കുന്നു എന്നൊക്കെ പറയാറുണ്ട്. ബാബ മനസ്സിലാക്കിത്തന്നു, ആരും തന്നെ ബ്രഹ്മത്തിൽപോയി ലയിക്കുന്നില്ല. അനാദി ഡ്രാമയാണ് ഇങ്ങിനെ കറങ്ങിക്കൊണ്ടിരിക്കുന്നത്. ഇതിൽ സംശയിക്കേണ്ട യാതൊരു ആവശ്യവുമില്ല. നാലു യുഗങ്ങളുടെ ചക്രമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. ചക്രം അതേപടി വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ബാബയും ഒന്നേയുള്ളൂ ഈ ലോകവും ഒന്നു മാത്രമാണുള്ളത്. മറ്റുള്ള മനുഷ്യർ എത്രയാണ് പ്രയത്നിച്ചു കൊണ്ടിരിക്കുന്നത്. ചന്ദ്രനിലും , നക്ഷത്രങ്ങളിലുമൊക്കെ ലോകമുണ്ടെന്ന് പറയുന്നു. എത്രയാണ് അന്വേഷിക്കുന്നത്. ചന്ദ്രനിൽ സ്ഥലം വാങ്ങുന്നതിനെക്കുറിച്ചും ചിന്തിക്കുന്നു– ഇതെല്ലാം എങ്ങിനെ സംഭവിക്കാനാണ്. ഇതിനായി ആർക്ക് പൈസ നൽകും? ഇതിനെയാണ് സയൻസിന്റെ അഹങ്കാരമെന്ന് പറയുന്നത്.ഇതിലൊന്നും ഒരു കാര്യവുമില്ല. അവർ ട്രയൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇതാണ് മായയുടെ ഷോ. സ്വർഗ്ഗത്തിലുള്ളതിനേക്കാളും കൂടുതൽ ഷോ കാണിക്കുന്നു. സ്വർഗ്ഗത്തെ എല്ലാവരും മറന്നുപോയി. സ്വർഗ്ഗത്തിൽ അളവറ്റ ധനം ഉണ്ടായിരുന്നു. ഒരു ക്ഷേത്രത്തിൽനിന്നു തന്നെ നോക്കൂ എത്ര ധനമാണ് എടുത്തുകൊണ്ടുപോയത്. ഭാരതത്തിൽ തന്നെയാണ് ഇത്രയും ധനം ഉണ്ടായിരുന്നത്, ഖജനാക്കൾ നിറഞ്ഞിരുന്നു. മുഹമ്മദ് ഗസ്നി വന്ന് എല്ലാം കൊള്ളയടിച്ചുകൊണ്ടുപോയി. അരക്കൽപ്പം നിങ്ങൾ സമർത്ഥരായി ജീവിച്ചു, മോഷണത്തിന്റെ പേരുപോലും ഉണ്ടായിരുന്നില്ല. രാവണരാജ്യമായിരുന്നില്ല. രാവണരാജ്യം ആരംഭിച്ചപ്പോൾ തന്നെ മോഷണം, യുദ്ധം എന്നിവയെല്ലാം ആരംഭിച്ചു. രാവണന്റെ പേര് പറയുന്നു എന്നുമാത്രം. ബാക്കി രാവണൻ എന്നൊരാളില്ല, വികാരങ്ങളുടെ പ്രവേശനത്തെയാണ് രാവണൻ എന്നു പറയുന്നത് . രാവണനെ പ്രതി മനുഷ്യൻ എന്തെല്ലാമാണ് ചെയ്യുന്നത്. എത്രയാണ് ആഘോഷിക്കുന്നത്. നിങ്ങളും ദസറ ആഘോഷിച്ചിരുന്നു, രാവണനെ കത്തിക്കുന്നത് കാണാൻ പോകുമായിരുന്നു. എത്ര പൂജകൾ ചെയ്തിരുന്നു. ഏതെങ്കിലും വിശേഷ ദിവസമുണ്ടാകുമ്പോൾ എന്തെല്ലാം ചെയ്തിരുന്നു. ഭക്തിമാർഗ്ഗം പാവകളി പോലെയാണ്. ഭക്തി മാർഗ്ഗം എത്ര സമയം ഉണ്ടാകുന്നു എന്നതിനെക്കുറിച്ച് നിങ്ങൾക്ക് അറിയാം. ആരംഭത്തിൽ ഇത്രയ്ക്കും ഭക്തി ഉണ്ടായിരുന്നില്ല. ഇപ്പോൾ അഭിവൃദ്ധി പ്രാപിച്ച് വന്ന് ഇപ്പോഴത്തെ അവസ്ഥ എന്തായിത്തീർന്നിരിക്കുന്നു എന്ന് നോക്കൂ. ഇത്രയും ചിലവ് ചെയ്ത് ചിത്രങ്ങളും, ക്ഷേത്രങ്ങളും നിങ്ങൾ ഉണ്ടാക്കുന്നുണ്ട്. ബാബ എത്ര സ്നേഹത്തോടെയാണ് മനസ്സിലാക്കിത്തരുന്നത്. ഞാൻ നിങ്ങൾ കുട്ടികൾക്ക് അളവറ്റ ധനം നൽകിയിരുന്നു, അതെല്ലാം എവിടെ കൊണ്ടുപോയി നഷ്ടപ്പെടുത്തി? രാവണ രാജ്യത്തിൽ നിങ്ങൾ എന്തിൽ നിന്നും എന്തായിത്തീർന്നിരിക്കുന്നു. ഇതൊന്നും ഈശ്വരനിശ്ചയമെന്ന് പറഞ്ഞ് ഇരിക്കേണ്ടകാര്യങ്ങളല്ല. ഇതൊന്നും ഈശ്വരനിശ്ചയമല്ല, മായയാണ് നിങ്ങളെക്കൊണ്ട് ഇതെല്ലാം ചെയ്യിപ്പിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരനിൽ നിന്ന് രാജ്യഭാഗ്യം ലഭിക്കുന്നു. അവിടെ ദു:ഖത്തിന്റെ

കാര്യം തന്നെയില്ല. ഈശ്വരന്റെ കാര്യവും, ആസുരീയ കാര്യവും തമ്മിൽ എത്ര വ്യത്യാസമാണുള്ളത്. ഈ വിവേകം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്. അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ച് മാത്രം കിട്ടുന്നു. ആർക്കാണ് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ ഏൽക്കുന്നത് എന്നുള്ളത് മനസ്സിലാക്കാൻ സാധിക്കുന്നു. ഇന്നയാൾക്ക് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നന്നായി ഏൽക്കുന്നുണ്ട്, ഇന്നവർക്ക് കുറച്ചേ ഏൽക്കുന്നുള്ളൂ, ചിലർക്ക് ഒട്ടും തന്നെ ഏൽക്കുന്നില്ല. ഇതെല്ലാം തന്നെ ബാബക്കറിയാം. മുഴുവൻ ആധാരവും സേവനത്തിലാണ്. സേവനത്തിലൂടെ ബാബക്ക് പറയാൻ സാധിക്കും, ഇവർക്ക് ഇഞ്ചക്ഷന്റെ ഫലമുണ്ടായില്ല, തീർത്തും സേവനം ചെയ്യാൻ അറിയുന്നില്ല. ചിലർക്ക് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നന്നായി ഏൽക്കുന്നുണ്ട് ചിലർക്ക് ഒട്ടും തന്നെയില്ല എന്നും പറയാറുണ്ട്. ജ്ഞാനാഞ്ജനം സദ്ഗുരു നൽകി അജ്ഞാനാന്ധകാരം നശിച്ചു എന്ന് കേട്ടിട്ടില്ലേ. ജ്ഞാനത്തിന്റെയും സുഖത്തിന്റെയും സാഗരൻ പരമ പിതാവായ പരമാത്മാവാണ്. പിന്നീട് പരമാത്മാവിനെത്തന്നെ കല്ലിലും മുള്ളിലും ഉണ്ടെന്ന് പറഞ്ഞ് ആക്ഷേപിച്ചു. പരിധിയില്ലാത്ത അച്ഛൻ നമുക്ക് പരിധിയില്ലാത്ത സുഖം നൽകുന്നു എന്ന കാര്യത്തിൽ കുട്ടികൾക്ക് വളരെ നിശ്ചയം ഉണ്ടായിരിക്കണം. പരിധിയില്ലാത്ത അച്ഛൻ എപ്പോഴാണോ വരുന്നത്, അപ്പോൾ ഞങ്ങൾ അങ്ങയുടേത് മാത്രമായിത്തീരും, അങ്ങയുടെ ശ്രീമതം അനുസരിച്ച് നടക്കും... എന്ന് പാടാറുണ്ട്. ഭക്തിയിൽ ബാബയെക്കുറിച്ച് അറിയുമായിരുന്നില്ല, ഇപ്പോഴാണ് ഭഗവാന്റെ പാർട്ടുള്ളത്. ഇപ്പോഴാണ് ബാബ പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാം ഈ പഠിപ്പിന്റെ പാർട്ട് വീണ്ടും അയ്യായിരം വർഷത്തിനു ശേഷവും ഉണ്ടാകും. ബാബ വീണ്ടും അയ്യായിരം വർഷത്തിനു ശേഷം വരുന്നു. ആത്മാക്കൾ എല്ലാവരും സഹോദരങ്ങളാണ്. ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. മനുഷ്യ സൃഷ്ടിയുടെ അഭിവൃദ്ധിയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആത്മാക്കളുടെ സ്റ്റോക്കും ഉണ്ടായിരിക്കുമല്ലോ. മനുഷ്യരുടെ സ്റ്റോക്ക് പൂർണ്ണമാകുന്നതു വരെ ആത്മാക്കളുടെ സ്റ്റോക്കും ഉണ്ടായിരിക്കും. അഭിനേതാക്കൾ ഒന്നുപോലും കുറവോ, കൂടുതലോ ഉണ്ടായിരിക്കില്ല. ഇവർ പരിധിയില്ലാത്ത അഭിനേതാക്കളാണ്. ഇവർക്ക് അനാദി പാർട്ട് ലഭിച്ചിരിക്കുകയാണ്. അത്ഭുതമല്ലേ. ഇപ്പോൾ നിങ്ങൾ എത്ര വിവേകശാലികളായി മാറി . ഈ പഠിപ്പും എത്ര ഉയർന്നതാണ്. നിങ്ങളെ പഠിപ്പിക്കുന്നത് സ്വയം ജ്ഞാനസാഗരനായ ഭഗവാനാണ്, ബാക്കിയെല്ലാം ഭക്തിയുടെ സാഗരമാണ്. എങ്ങനെ ഭക്തിയ്ക്ക് അംഗീകാരമുണ്ടോ അതുപോലെ ജ്ഞാനത്തിനും അംഗീകാരമുണ്ട് . ഭക്തിയിൽ മനുഷ്യർ എത്രയാണ് ഈശ്വരാർത്ഥം ദാനപുണ്യ കർമ്മങ്ങൾ ചെയ്യുന്നത്, വേദശാസ്ത്രങ്ങളുടെ പുസ്തകങ്ങളെല്ലാം തന്നെ എത്ര വലുതായിട്ടാണ് ഉണ്ടാക്കുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഭക്തിയുടേയും, ജ്ഞാനത്തിന്റെയും വ്യത്യാസം മനസ്സിലായിക്കഴിഞ്ഞു. ബുദ്ധി വളരെ വിശാലമായിരിക്കണം. ഒന്നിലും നിങ്ങളുടെ കണ്ണുകൾ പെട്ടുപോകരുത്. ഈ ലോകത്തിലുള്ള രാജാ-റാണിയെപ്പോലും കാണണം എന്നു തോന്നരുത്. ഹൃദയത്തിൽ ഒരാഗ്രഹവും പാടില്ല. ഇതെല്ലാം നശിക്കാൻ പോകുന്നതാണ്. ആരുടെപക്കൽ എന്തെല്ലാമുണ്ടോ എല്ലാം നശിക്കാനുള്ളതാണ്. വയറിന് രണ്ടു റൊട്ടിയേ ആവശ്യമുള്ളൂ, പക്ഷെ അതിനു വേണ്ടി എന്തെല്ലാം പാപങ്ങളാണ് ചെയ്യുന്നത്. ഈ സമയത്ത് ലോകത്തിൽ പാപം മാത്രമേ ഉള്ളൂ. വയറിനു വേണ്ടി വളരെയധികം പാപം ചെയ്തുകൊണ്ടിരിക്കുന്നു. പരസ്പരം അസത്യമായ കളങ്കങ്ങൾ ആരോപിക്കുന്നു. പൈസയും ധാരാളം സമ്പാദിക്കുന്നു. എത്ര പൈസയാണ് ഒളിപ്പിച്ചു വെക്കുന്നത്. ഗവൺമെന്റിന് എന്തു ചെയ്യാൻ സാധിക്കും പക്ഷേ ആര് എത്ര തന്നെ ഒളിപ്പിച്ചാലും ഒളിക്കാൻ സാധിക്കില്ല. ഇനി ധാരാളം പ്രകൃതിക്ഷോഭങ്ങൾ വരുകതന്നെ ചെയ്യും. കുറച്ചു സമയം മാത്രമേ ബാക്കിയുള്ളൂ. ബാബ പറയുന്നു ശരീര നിർവ്വഹണാർത്ഥം എന്തുവേണമെങ്കിലും ചെയ്തോളൂ അതിനൊന്നും ബാബ എതിരു പറയുന്നില്ല. കുട്ടികൾക്ക് സന്തോഷത്തിന്റെ അതിരുവർദ്ധിക്കണം. ബാബയുടെയും, സമ്പത്തിന്റെയും ഓർമ്മയുണ്ടായിരിക്കണം. ബാബ നിങ്ങളെ മുഴുവൻ വിശ്വത്തിന്റെയും അധികാരിയാക്കി മാറ്റുന്നു. ഈ ഭൂമിയും, ആകാശവുമെല്ലാം നിങ്ങളുടെ സ്വന്തമായിത്തീരുന്നു. ഒന്നിനും പരിധിയുണ്ടാവുകയില്ല. കുട്ടികൾക്കറിയാം നമ്മൾ അധികാരികളായിരുന്നു. ഭാരതത്തിന് അവിനാശീഖണ്ഢം എന്ന മഹിമയുണ്ട് . അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിയിരിക്കണം. പരിധിയുള്ള പഠിപ്പ് പഠിക്കുമ്പോഴും സന്തോഷമുണ്ടാകുമല്ലോ. ഇത് പരിധിയില്ലാത്ത പഠിപ്പാണ് . പരിധിയില്ലാത്ത അച്ഛനാണ് പഠിപ്പിക്കുന്നത്. ഇങ്ങനെയുള്ള അച്ഛനെ ഓർമ്മിക്കണം. കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കണം- മറ്റുള്ള ഭൗതിക ജോലികൾ ഒന്നും തന്നെയല്ല. നമ്മൾ ബാബയിൽ നിന്നും എത്ര വലിയ സമ്പത്താണ് നേടുന്നത്. രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. നമുക്ക് ഭൗതീക ജോലികൾ ചെയ്തുകൊണ്ടും കിരീടധാരിയായി മാറാൻ സാധിക്കും. ബാബ വന്നിരിക്കുന്നത് പഠിപ്പിക്കാനാണ് . അപ്പോൾ കുട്ടികൾക്കും സന്തോഷമുണ്ടായിരിക്കണം. മറ്റുള്ള ജോലികളും ചെയ്യണം. ഇത് പഴയ ലോകമാണെന്ന് മനസ്സിലാക്കണം, ഇതിന്റെ വിനാശത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പുകളും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഭയം തോന്നിപ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങളാണ് ഓരോരുത്തരും ചെയ്യുന്നത്. വലിയ യുദ്ധം ഉണ്ടാകുമോ എന്ന ഭയമാണ്

എല്ലാവർക്കുമുള്ളത്. എല്ലാം ഡ്രാമയനുസരിച്ച്  സംഭവിക്കുകതന്നെ വേണം. അല്ലാതെ ഈശ്വരൻ ചെയ്യിപ്പിക്കുന്നതല്ല. ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഇന്നല്ലെങ്കിൽ നാളെ വിനാശം തീർച്ചയായും ഉണ്ടാകുകതന്നെ ചെയ്യും ഇപ്പോൾ നിങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കു വേണ്ടി പുതിയ ലോകം തീർച്ചയായും ഉണ്ടാകും. ഈ കാര്യങ്ങളെല്ലാം ഉള്ളിൽ സ്മരിച്ചു കൊണ്ട് സന്തോഷത്തോടെയിരിക്കണം. ബാബ എടുത്തിട്ടുള്ള ഈ രഥത്തിന് തന്റേതായി ഒന്നും തന്നെയില്ല. സർവ്വതും ഉപേക്ഷിച്ചു. പരിധിയില്ലാത്ത ചക്രവർത്തീ പദവി ലഭിച്ചുവെങ്കിൽ പിന്നെ ഇതെല്ലാം എന്തിനാണ്. ഇതിനെക്കുറിച്ച്  ബാബയുടെ ഒരു ഗീതവുമുണ്ട് - അള്ളാഹുവിനെ ലഭിച്ചുവെങ്കിൽ പിന്നീട്  കഴുതപ്പണിക്ക് എന്തിനാണ്  പോകുന്നത്? എല്ലാം വിറ്റ് ജോലി അവസാനിപ്പിച്ചു. ശരീരത്തേയും ബാബയ്ക്കു നൽകി. ആഹാ! ഞാൻ വിശ്വത്തിന്റെ അധികാരിയായി മാറുന്നു, അനേക തവണ അധികാരിയായിട്ടുണ്ട്. എത്ര സഹജമാണ്. നിങ്ങൾ സ്വന്തം വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ സ്വയം ആത്മാവാണെന്ന്  മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ആരിലും നിങ്ങളുടെ കണ്ണ് പെട്ടുപോകാത്തവിധം  തൃപ്തരും വിശാലബുദ്ധിയുവുള്ളവരായിരിക്കണം.ഹൃദയത്തിൽ ഒരാഗ്രഹവും ഉണ്ടാകരുത്  കാരണം എല്ലാം നശിക്കാനുള്ളതാണ്.

2) ശരീരനിർവ്വഹണാർത്ഥം കർമ്മം ചെയ്തുകൊണ്ടും സന്തോഷത്തിന്റെ അതിര്  സദാ വർദ്ധിക്കണം. ബാബയെയും, സമ്പത്തിനേയും ഓർമ്മയുണ്ടായിരിക്കണം. ബുദ്ധിയെ പരിധിയിൽ നിന്നും മുക്തമാക്കി സദാ പരിധിയില്ലാത്തതിലേക്ക്  വെക്കണം.

## വരദാനം - തീവ്രപുരുഷാർത്ഥത്തിലൂടെ എല്ലാ ബന്ധനങ്ങളെയും മറികടക്കുകയും, അവയെ വിനോദങ്ങളാണെന്ന അനുഭവം ചെയ്യുകയും ചെയ്യുന്ന ഡബിൾ ലൈറ്റായി ഭവിക്കട്ടെ.

ഞാൻ വളരെ സുഖമായിരിക്കുന്നുണ്ട,പക്ഷേ സംസ്ക്കാരങ്ങളുടെയും,വ്യക്തികളുടെയും,വായുമണ്ഢലത്തിന്റെയുമൊക്കെ ബന്ധനം എനിക്കുണ്ട് എന്ന് പല കുട്ടികളും പറയാറുണ്ട.കാരണം എന്താണെങ്കിലും, എങ്ങിനെയുള്ളതാണെങ്കിലും തീവ്ര പുരുഷാർത്ഥികൾ അവയെയെല്ലാം നിസ്സാരമായി കണ്ട് മറികടക്കും.അവർ സദാ ഉല്ലാസത്തിന്റെ അനുഭവം ചെയ്യും.ഇങ്ങിനെയുള്ള സ്ഥിതിയെയാണ് പറക്കുന്നകല എന്നു പറയുന്നത്.ഡബിൾ ലൈറ്റ് ആവുന്ന്താണ് പറക്കുന്ന കലയുടെ ലക്ഷണം.ഡബിൾലൈറ്റ് ആയി ഇരിക്കുന്നവരെ ഒരുവിധത്തിലുമുള്ള പ്രശ്നങ്ങൾക്കും ഇളക്കാൻ കഴിയുകയില്ല്.

## സ്ലോഗൻ - ഓരോ ഗുണങ്ങളെയും,ജ്ഞാനത്തിന്റെ കാര്യങ്ങളെയും തന്റെ സ്വാഭാവികമായ സംസ്ക്കാരങ്ങളാക്കി മാറ്റൂ....